**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **06-02-2023 - ൽ മറുപടിയ്ക്ക്**

**ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന 13.04.2022 ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | 13.04.2022 ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 20/06/2022 ലെ ഡബ്ല്യൂ2/പിറ്റിഎൻ/59247/2022 എന്ന ഫയൽ നമ്പർ പ്രകാരം പുറത്തെഴുത്തിലൂടെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ടിനായി നൽകിയിരുന്നു. ആയതനുസരിച്ച് കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ നൂറ്റിപ്പാടം വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും വെള്ളാരപ്പിള്ളിചാൽ പുനരുദ്ധരിക്കു ന്നതിനും വേണ്ടി പ്രസ്തുത വാർഡിലെ മെമ്പറോടൊപ്പം അപേക്ഷയിൽ പറയുന്ന പ്രദേശം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ 30-07-2022 തീയതിയിൽ സന്ദർശിച്ചു. ഈ പാടശേഖരങ്ങളുടെ പ്രധാന ജലസ്രോതസായ ചിറ കാടുകയറി അതിനടുത്തേക്ക് എത്തിപ്പെടാൻ പറ്റാത്ത അവസ്ഥ യിലാണുള്ളത്. ഈ കാട്ടു കയറിയ ചിറ വെട്ടിത്തെളിച്ച് അതിനടുത്തേക്ക് ആളുകൾക്ക് എത്തിപ്പെടാവുന്ന രീതിയിൽ മാറ്റിയാലെ ചിറയുടെ അതിർത്തികൾ കണ്ടെത്തുവാനും ചിറയുടെ നിലവിലെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കുവാനും അതിനനുസൃതമായി എസ്റ്റി മേറ്റ് തയ്യാറാക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യം പഞ്ചായത്ത്അധികാരികളെ ബോധ്യപ്പെടുത്തിയിട്ടുള്ളതും ആയത് കാട്ടുവെട്ടി തെളിച്ച് നല്കാം എന്ന് അവർ ഉറപ്പ നല്കിയിരുന്നതുമാണ്. ഇക്കാര്യം ആവശ്യപ്പെട്ടു കൊണ്ട് 30-7-2022, 13-12-2022, 16-1-2023 എന്നീ തീയതികളിൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തുകൾ നൽകിയിട്ടുള്ളതും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ നേരിൽ കണ്ട് ഇക്കാര്യം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നിരുന്നിട്ടും ഇതുവരേയും ഈ പ്രദേശം കാട്ടു വെട്ടി തെളിച്ച് |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; എങ്കിൽ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 13.04.2022 ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 20/06/2022 ലെ ഡബ്ല്യു2/പിറ്റിഎൻ/59247/2022 എന്ന ഫയൽ നമ്പർ പ്രകാരം പുറത്തെഴുത്തിലൂടെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ടിനായി നൽകിയിരുന്നു. ആയതനുസരിച്ച് കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ നാറ്റിപ്പാടം വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും വെള്ളാരപ്പിള്ളിചാൽ പുനരുദ്ധരിക്ക ന്നതിനും വേണ്ടി പ്രസ്തുത വാർഡിലെ മെമ്പറോടൊപ്പം അപേക്ഷയിൽ പറയുന്ന പ്രദേശം അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ 30-07-2022 തീയതിയിൽ സന്ദർശിച്ചു. ഈ പാടശേഖരങ്ങളുടെ പ്രധാന ജലസ്രോതസായ ചിറ കാടുകയറി അതിനടുത്തേക്ക് എത്തിപ്പെടാൻ പറ്റാത്ത അവസ്ഥ യിലാണുള്ളത്. ഈ കാടു കയറിയ ചിറ വെട്ടിത്തെളിച്ച് അതിനടുത്തേക്ക് ആളുകൾക്ക് എത്തിപ്പെടാവുന്ന രീതിയിൽ മാറ്റിയാലെ ചിറയുടെ അതിർത്തികൾ കണ്ടെത്തുവാനും ചിറയുടെ നിലവിലെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കുവാനും അതിനനുസൃതമായി എസ്റ്റി മേറ്റ് തയ്യാറാക്കുവാനും സാധിക്കുകയുള്ളൂ. ഇക്കാര്യം പഞ്ചായത്ത്അധികാരികളെ ബോധ്യ പ്പെടുത്തിയിട്ടുള്ളതും ആയത് കാടുവെട്ടി തെളിച്ച് നല്കാം എന്ന് അവർ ഉറപ്പ് നല്കിയിരുന്നതുമാണ്. ഇക്കാര്യം ആവശ്യപ്പെട്ടു കൊണ്ട് 30-7-2022, 13-12-2022, 16-1-2023 എന്നീ തീയതികളിൽ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തുകൾ നൽകിയിട്ടുള്ളതും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ നേരിൽ കണ്ട് ഇക്കാര്യം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നിരുന്നിട്ടും ഇതുവരേയും ഈ പ്രദേശം കാടു വെട്ടി തെളിച്ച് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ അനു ബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | മേൽ പരാമർശിച്ച സ്ഥലങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിന് വേണ്ടി വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്ന പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | നാറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിലെ പ്രധാന ജലസ്രോതസായ ചിറ പഞ്ചായത്ത് അധികൃതർ സമ്മതിച്ചിരുന്നതു പോലെ കാടു വെട്ടി തെളിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

നമ്പർ എം. ഐ1/42/2022-ജവിവ

ജലവിഭവ (എം ഐ ) വകുപ്പ്

13-04-2022,തിരുവനന്തപുരം

സെക്രട്ടറി

ശ്രീ. അൻവർ സാദത്ത് എം.എൽ.എ

(ആലുവ)

ഒലിക്കര ഹൗസ്

പരിയാരം

നെടുമ്പാശ്ശേരി പി. ഒ.

പിൻ 683 585

ആലുവ

സർ,

വിഷയം:- ജവിവ-എം ഐ-എറണാകുളം ജില്ല -കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ന്യാറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും, വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് :-

സൂചന:- അങ്ങ് ബഹു: ജലവിഭവ വകുപ്പ് മന്ത്രിയ്ക്ക് 21/03/2022 തീയതിയിൽ നൽകിയ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും ഉള്ളടക്കവും

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സദയം ക്ഷണിച്ചുകൊള്ളുന്നു. സൂചന കത്തിനോടൊപ്പം ലഭ്യമായിട്ടുള്ള ആലുവ നിയോജക മണ്ഡലത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ന്യാറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും, വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുമായി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ള കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെയും ഉള്ളടക്കത്തിന്റെയും പകർപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് മറുപടി നല്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു .

വിശ്വസ്തതയോടെ,

റജീന ബീഗം
ജോയിന്റ് സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി

പകർപ്പ് : ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും ) [ആവശ്യമായ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് നേരിട്ട് മറുപടി നൽകുന്നതിനായി സൂചന കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.]

സെക്ഷൻ ഓഫീസർ

ഉത്തരവ് നമ്പർ. W2/P/n/59247/2022

തീയതി: 30/6/2022

സർക്കാർ ഭൂമിയുടെ ഉടമസ്ഥതയും ഉള്ളടക്കവും അടിയന്തിര നിയമാനുസൃതം നടപടി കൈക്കൊള്ളുവാൻ SE, MICC, എറണാകുളത്തിന് നൽകുന്നു.

[illegible] ഉദ്യോഗസ്ഥൻ.

എ.ഇ/കെ.എം.ഐ/ ജനറൽ /2019

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
മൈനർ ഇറിഗേഷൻ സെക്ഷൻ, കാലടി
തീയതി : 30.07.2022
ഫോൺ : 0484 – 2467440
Email :aemikldy@gmail.com

Office of the Assistant Engineer
Kalady - 683 574
Date...................
Minor Irrigation Section

പ്രേക്ഷകൻ

അസിസ്റ്റന്റ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി,
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: എറണാകുളം ജില്ല– കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച, എന്നിവിടങ്ങളിൽ നെൽ കൃഷി പുനരാരംഭിക്കുന്നതിനും വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്:–

സൂചന : 1) കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബഹു. ജലവിഭവ വകുപ്പ് മന്ത്രിക്ക് നൽകിയിട്ടുള്ള 15.03.2022 തീയതിയിലെ നം.2–A2-05/2022 കത്ത്.
2) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പുറത്തെഴുത്ത് നം. E4/Ptn/2451/2022 dt. 21.07.2022 കത്ത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വാർഡ്– 11 ലെ മെമ്പർ ശ്രീമതി. പ്രിയ രഘുവിനൊപ്പം അപേക്ഷയിൽ പറയുന്ന പാടശേഖരം സന്ദർശിക്കുകയുണ്ടായി. ടി പാടശേഖരത്തിന്റെ പ്രധാന ജലസ്രോതസ്സായ 63 സെന്റോളം വിസ്തൃതിയിൽ വരുന്ന ചിറ കാടുകയറി ആളുകൾക്ക് അതിനടുത്തേക്ക് എത്തിപ്പെടാൻ പറ്റാത്ത സ്ഥിതിയിലാണുള്ളത്. ഈ കാടുകയറിയ ചിറ വെട്ടിത്തെളിച്ച് അതിനടുത്തേക്ക് എത്തിപ്പെടാനാവുന്ന രീതിയിൽ ആക്കിയാൽ മാത്രമേ ചിറയുടെ അതിരുകൾ കണ്ടെത്തുവാനും നിലവിലുള്ള ചിറയുടെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കുവാനും അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിക്കുകയുള്ളൂ. അതിനാൽ കാടു പിടിച്ചുകിടക്കുന്ന ചിറയുടേയും പരിസര പ്രദേശങ്ങളുടെയും കാട് വെട്ടിത്തെളിച്ച് നൽകണമെന്ന് അഭ്യർഥിക്കുന്നു. ഇക്കാര്യം പഞ്ചായത്ത് മെമ്പറെ ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് എഞ്ചിനീയർ

Assistant Engineer
Minor Irrigation Section
Kalady - 683 574

പകർപ്പ്:- അസി. എക്സി. എഞ്ചിനീയർ
എം.ഐ. സബ്ഡിവിഷൻ, ആലുവ.

സെക്ഷൻ ഓഫീസർ

നം എ.ഇ/കെ.[illegible] ജനറൽ /2019

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
മൈനർ ഇറിഗേഷൻ സെക്ഷൻ, കാലടി
തീയതി : 13.12.2022
ഫോൺ : 0484 – 2467440
Email :aemikldy@gmail.com

പ്രേക്ഷകൻ

അസിസ്റ്റന്റ് എഞ്ചിനീയർ

സ്വീകർത്താവ്

സെക്രട്ടറി,
കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: എറണാകുളം ജില്ല– കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് നുറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച, എന്നിവിടങ്ങളിൽ നെൽ കൃഷി പുനരാരംഭിക്കുന്നതിനും വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്:–

സൂചന : ഈ കാര്യാലയത്തിൽ നിന്നും 30.07.2022 തീയതിയിൽ നൽകിയിട്ടുള്ള കത്ത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വാർഡ്– 11 ലെ മെമ്പർ ശ്രീമതി. പ്രിയ രഘുവിനൊപ്പം അപേക്ഷയിൽ പറയുന്ന പാടശേഖരം സന്ദർശിക്കുകയുണ്ടായി. ടി പാടശേഖരത്തിന്റെ പ്രധാന ജലസ്രോതസ്സായ 63 സെന്റോളം വിസ്തൃതിയിൽ വരുന്ന ചിറ കാടുകയറി ആളുകൾക്ക് അതിനടുത്തേക്ക് എത്തിപ്പെടാൻ പറ്റാത്ത സ്ഥിതിയിലാണുള്ളത്. ഈ കാടുകയറിയ ചിറ വെട്ടിത്തെളിച്ച് അതിനടുത്തേക്ക് എത്തിപ്പെടാനാവുന്ന രീതിയിൽ ആക്കിയാൽ മാത്രമേ ചിറയുടെ അതിരുകൾ കണ്ടെത്തുവാനും നിലവിലുള്ള ചിറയുടെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കുവാനും അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുവാനും സാധിക്കുകയുള്ളു. അതിനാൽ കാടു പിടിച്ചുകിടക്കുന്ന ചിറയുടേയും പരിസര പ്രദേശങ്ങളുടെയും കാട് വെട്ടിത്തെളിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും കത്ത് നൽകിയിട്ടുള്ളതാണെങ്കിലും നാളിതുവരെ ഈ ഭാഗം വെട്ടിത്തെളിച്ച് ചിറയുടെ അടുത്തേക്ക് എത്തിപ്പെടാൻ പറ്റുന്ന അവസ്ഥയിലാക്കി കിട്ടിയിട്ടില്ല. ആയതിനാൽ എത്രയും പെട്ടെന്ന് കാട് വെട്ടിത്തെളിച്ച് എസ്റ്റിമേറ്റ് എടുക്കുവാൻ സാധിക്കുന്ന രീതിയിൽ ചിറയും പരിസര പ്രദേശങ്ങളും വ്യക്തമാക്കി നൽകണമെന്ന് അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് എഞ്ചിനീയർ

ഉള്ളടക്കം:– സൂചന (1) കത്ത്.

സെക്ഷൻ ഓഫീസർ